(ബി) എങ്ങണ്ടിയൂർ പഞ്ചായത്തിലെ കനോലി കനാലിന്റെ തീരം ഇടിഞ്ഞുള്ള നാശത്തെ നേരിടുന്നതിനായി ഇവിടം കെട്ടി സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) എങ്ങണ്ടിയൂർ പഞ്ചായത്തിലെ വേട്ടക്കൊരുമകൻ കടവിനുസമീപം 180 മീറ്റർ നീളത്തിൽ കനോലി കനാലിന്റെ ഇടതുകര സംരക്ഷിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതിനുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭ്യമാക്കുവാൻവേണ്ടി അണ്ടത്തോടുമുതൽ ചേറ്റുവ വരെയുള്ള പൊന്നാനി-കൊച്ചിൻ കനാലിന്റെ പുനരുദ്ധാരണത്തിനായി 77 കോടി രൂപയുടെ പദ്ധതിരേഖ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതിൽ എങ്ങണ്ടിയൂർ പഞ്ചായത്തിന്റെ മുഴുവൻ കരയും ഉൾപ്പെടുന്നുണ്ട്.

തൃത്താല-വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ്

52 [3305] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല-വെള്ളിയാങ്കല്ല് റഗുലേറ്ററി-കം-ബ്രിഡ്ജിന്റെ ഏതെല്ലാം പ്രവൃത്തികളാണ് ഇനി ആരംഭിക്കാനുള്ളത്; ഈ പ്രവൃത്തികൾ ഇതുവരെ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഫ്ളഡ് ബാങ്കിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞോ; ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അതിന്റെ എസ്റ്റിമേറ്റ് തുക എത്ര എന്നും വെളിപ്പെടുത്താമോ;

(സി) ഫ്ളഡ് ബാങ്ക് കണക്ഷൻ ബ്രിഡ്ജിന്റെ ഭാഗമാണോ; എങ്കിൽ ഇതെന്നു പൂർത്തിയാകുമെന്നും ഇതിന്റെ എസ്റ്റിമേറ്റ് തുക എത്ര എന്നും അറിയിക്കാമോ;

(ഡി) ബാങ്ക് കണക്ഷൻ ഏതു രീതിയിലാണ് നിർമ്മിക്കുന്നതെന്നും ഇതിന്റെ സ്പെസിഫിക്കേഷനെക്കുറിച്ചും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബാങ്ക് കണക്ഷൻ നിർമ്മിക്കാൻ എത്ര പൈലിംഗ് വേണ്ടിവരും; പൈലിംഗ് നടത്താൻ ഇപ്പോൾ പാലവുമായി ബന്ധിപ്പിച്ച റോഡ് തടസ്സമാണോ; എങ്കിൽ പ്രസ്തുത റോഡ് പൊളിച്ചുമാറ്റേണ്ടിവരുമോ;

(എഫ്) ബ്രിഡ്ജും അപ്രോച്ച് റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഇപ്പോൾ എന്തു തുക ചെലവായി എന്നും അതിന്റെ എസ്റ്റിമേറ്റ് തുക എത്രയായി രുന്നുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) തൃത്താല-വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് പ്രോജക്ടിന്റെ ഭാഗമായ ഫ്ളഡ് ബാങ്കിന്റെ പ്രവൃത്തിയാണ് ഇനി ആരംഭിക്കുവാനുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സർക്കാരിന്റെ സജീവ പരിഗണന യിലാണ്.

(ബി) ഫ്ളഡ് ബാങ്കിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്തുകഴിഞ്ഞു. ഈ പ്രോജക്ടിനുവേണ്ടി മൊത്തം 100 ലക്ഷം രൂപ, സ്ഥലം അക്വയർ ചെയ്യുന്നതിനായി പാലക്കാട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) ബാങ്ക് കണക്ഷൻ ബ്രിഡ്ജിനോട് ചേർന്നുവരുന്ന ഭാഗമാണ്. ഇത് 2006 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ എസ്റ്റി മേറ്റ് തുക 415 ലക്ഷം രൂപയാണ്.

(ഡി) ഐ. ഡി. ആർ. ബി. അപ്രൂവ് ചെയ്തിട്ടുള്ള ഡിസൈൻ ആസ്പദമാക്കിയാണ് ബാങ്ക് കണക്ഷൻ നിർമ്മിക്കുന്നത്. ഇതിന്റെ ഫൗണ്ടേഷൻ, പൈൽ ഫൗണ്ടേഷൻ, പൈൽ ക്യാപ്പ്, ഭിത്തി തുടങ്ങിയവ ആർ. സി. സി. വർക്ക് ആണ്. പൈൽ വർക്കിന്റെ സിമെന്റ്, മണൽ, മെറ്റൽ അനുപാതം 1:1½:3, ആർ. സി. സി. പൈൽ ക്യാപ്പ് അനുപാതം 1:1½:3 ഭിത്തി 1:2:4 ഈ രീതിയിലാണ്.

(ഇ) ബാങ്ക് കണക്ഷൻ വർക്കിന് മൊത്തം 208 പൈൽ ഉണ്ടാകും. പൈലിംഗ് നടത്തുന്നതിന് ഇപ്പോൾ പാലവുമായി ബന്ധിപ്പിച്ച താൽക്കാലിക റോഡ് തടസ്സമല്ല. പൈലിംഗിനുവേണ്ടി മണ്ണു മാറ്റുമ്പോൾ റോഡിനുവേണ്ടി ഇട്ടിട്ടുള്ള മണ്ണ് നീക്കേണ്ടിവരില്ല. ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന റോഡ് താൽക്കാലികമായതിനാൽ ബാങ്ക് കണക്ഷൻ വർക്ക് കഴിഞ്ഞ് പ്രസ്തുത ഭാഗം മണ്ണിട്ട് നികത്തുമ്പോൾ ഈ റോഡിന്റെ കുറച്ചു ഭാഗത്തെ മണ്ണ് ഉപരിതലം ഉറപ്പിച്ച് മെറ്റലിംഗും ടാറിംഗും നടത്താൻവേണ്ടി നീക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബ്രിഡ്ജും അപ്രോച്ച് റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന താൽക്കാലിക റോഡിന്റെ പണികൾക്കായി കരാറുകാരന് പ്രത്യേക തുക നൽകിയിട്ടില്ല. പ്രസ്തുത പ്രവൃത്തിക്ക് പ്രത്യേക എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടുമില്ല. ഈ വർഷം വെള്ളിയാങ്കല്ല് ഭാഗത്ത് കടത്തുതോണി ലേലം നടന്നിട്ടില്ലാത്തതിനാൽ തൃത്താല സ്കൂൾ അധികൃതരുടെയും പൊതുജനങ്ങളുടെയും അഭ്യർത്ഥനപ്രകാരം കാൽനടയ്ക്കും ലൈറ്റ് വാഹനങ്ങൾ കടന്നുപോകുന്നതിനും സൗകര്യമുണ്ടാക്കാനാണ് താൽക്കാലിക കണക്ഷൻ നിർമ്മിച്ചിട്ടുള്ളത്. നേരത്തെ ഉണ്ടാക്കിയ അപ്രോച്ച് റോഡ് ഇരുവശത്തും പാലവുമായി ബന്ധിപ്പിക്കാതെ നിർത്തിയിരിക്കുകയായിരുന്നു.

കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള ജലപാത നിർമ്മാണം

53 [3306] *ശ്രീ. കെ. പി. മോഹനൻ:*
,, *എ. സി. ഷൺമുഖദാസ്:*
,, *സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ പാറശ്ശാല വരെയുള്ള ജലപാത നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്;

(ബി) ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയാണോ; സംസ്ഥാന വിഹിതം എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) വർഷങ്ങൾക്കുമുൻപ് പൂർത്തീകരിച്ച കനോലി തോടും 1957 കാലഘട്ടത്തിൽ ആരംഭിച്ച മാഹി കനാലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇപ്പോൾ ഇതിന്റെ പ്രവൃത്തി എവിടെയെങ്കിലും നടക്കുന്നുണ്ടോ; ഇതുവരെയായി എത്ര രൂപ ചെലവഴിച്ചു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) — (ഡി) ഇല്ല. എന്നാൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാത കേന്ദ്രസർക്കാർ ദേശീയ ജലപാത-III ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ദേശീയ ജലപാത കൊല്ലം മുതൽ തെക്ക് വിഴിഞ്ഞം വരെയും കോട്ടപ്പുറം മുതൽ വടക്ക് കാസർഗോഡ് വരെയും ദീർഘിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പലപ്പോഴായി കേന്ദ്രസർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽനിന്ന് ഇതുസംബന്ധിച്ച അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ദേശീയ ജലപാതയുടെ വികസനം കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണ്. മറ്റ്

LIBRARY ARCHIVES Kerala Legislative Assembly